**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5436** **03-11-2021 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി ഗോൾഡ് പാലസ് ജ്വല്ലറി നിക്ഷേപ തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കുറ്റ്യാടി ഗോൾഡ് പാലസ് ജ്വല്ലറി നിക്ഷേപ തട്ടിപ്പ് സംബന്ധിച്ച അന്വേഷണത്തിന്റെ നിലവിലെ അവസ്ഥ അറിയിക്കാമോ; | (എ) | കുറ്റ്യാടി ഗോൾഡ് പാലസ് ജ്വല്ലറി നിക്ഷേപ തട്ടിപ്പുമായി ബന്ധപ്പെട്ട് കോഴിക്കോട് റൂറൽ ജില്ലയിലെ കുറ്റ്യാടി, നാദാപുരം, പയ്യോളി എന്നീ പോലീസ് സ്റ്റേഷൻ പരിധികളിലായി രജിസ്റ്റർ ചെയ്തിട്ടുള്ള 13 കേസുകൾ നിലവിൽ അന്വേഷണാവസ്ഥയിലാണ്. |
| (ബി) | പ്രസ്തുത നിക്ഷേപ തട്ടിപ്പ് നടത്തിയവരുടെ സ്വത്തുക്കൾ കൈമാറുന്നത് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത നിക്ഷേപ തട്ടിപ്പ് നടത്തിയവരുടെ സ്വത്ത് വിവരം കണ്ടെത്തി അറിയിക്കുന്നതിലേക്കായി വില്ലേജ് ഓഫീസർക്കും ഇവരുടെ വസ്തു കൈമാറ്റം ചെയ്യുന്നത് തടയണം എന്ന് ആവശ്യപ്പെട്ട് രജിസ്ട്രാർക്കും ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കുന്നതിന് ബാങ്കുകളിലും അപേക്ഷ നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത തട്ടിപ്പുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | പ്രസ്തുത തട്ടിപ്പുമായി ബന്ധപ്പെട്ട് പയ്യോളി, നാദാപുരം, കുറ്റ്യാടി എന്നീ പോലീസ് സ്റ്റേഷൻ പരിധികളിൽ രജിസ്റ്റർ ചെയ്ത 13 കേസുകളിൽ 8 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ഡി) | മേൽപ്പറഞ്ഞ തട്ടിപ്പിനിരയായവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിക്കുന്ന നടപടികളുടെ വിശദാംശം നല്കാമോ? | (ഡി) | കേസുകളെല്ലാം നിലവിൽ അന്വേഷണാവസ്ഥയിലാണ്. |

സെക്ഷൻ ഓഫീസർ